LIBRARY ARCHIVES Kerala Legislative Assembly

©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2015 ജനുവരി 1<br>1st January 2015<br>1190 ധനു 17<br>17th Dhanu 1190<br>1936 പൌഷം 11<br>11th Pousha 1936 | നമ്പർ<br>No. 2 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-സി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 23089/ലെഗ്.സി.1/2014/നിയമം.

*തിരുവനന്തപുരം, 2015 ജനുവരി 1*
*1190 ധനു 17/*
*1936 പൌഷം 11.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2014 ഡിസംബർ 31-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. രമണി,
*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/02/2015/S-21

2015-ലെ 2-ാം ആക്റ്റ്

# 2014-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്റ്റ്

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിന്റെ 3-ഉം 4-ഉം 5-ഉം വകുപ്പുകൾ 2014 നവംബർ 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്.

2. 77-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 77-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"77എ. പ്രവാസി ഭാരതീയർക്ക് വോട്ടർപ്പട്ടികയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.—ഈ അദ്ധ്യായത്തിലെ മറ്റു വ്യവസ്ഥകളിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, 1950-ലെ ജനപ്രാതിനിധ്യ ആക്റ്റിലെ (1950-ലെ 43-ാം കേന്ദ്ര ആക്റ്റ്) 20എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു ഭാരത പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതിചെയ്യുന്ന നിയോജകമണ്ഡലത്തിലേക്കുള്ള വോട്ടർപ്പട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.".

3. 447-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 447-ാം വകുപ്പിൽ,—

(1) പ്രസ്തുത വകുപ്പിനു മുൻപായുള്ള "വ്യവസായങ്ങളും ഫാക്ടറികളും മറ്റ് വ്യാപാരങ്ങളും" എന്ന ശീർഷകത്തിനു പകരം "വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും മറ്റു സേവനങ്ങളും" എന്ന ശീർഷകം ചേർക്കേണ്ടതാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(2) (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു സ്ഥലവും,—

(എ) പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതുതാൽപ്പര്യങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവയ്ക്കായി പൊതുവെയും;

(ബി) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും,—

(i) ഓരോ കാര്യത്തിനും സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനപ്രകാരം, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള നിരക്കിലോ, ലൈസൻസ് ഫീസ് ഒടുക്കാതെയും;

(ii) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെയും,

ഉപയോഗിക്കുവാൻ പാടുള്ളതല്ല :

എന്നാൽ, അങ്ങനെയുള്ള ലൈസൻസ് പ്രകാരം ചെയ്യുന്ന ഓരോ കാര്യവും ഏതെങ്കിലും പൊതുതാൽപ്പര്യത്തിന് ഹാനികരമാവുകയില്ല എന്നും സേവനങ്ങളുടെ കാര്യത്തിൽ അത് നൽകുന്ന സ്ഥലത്തേക്ക് പൊതുജനങ്ങളിൽ ഏവർക്കും പ്രവേശനവും സേവനവും ലഭ്യമായിരിക്കും എന്നുമുള്ള വ്യവസ്ഥകൾ ലൈസൻസിൽ ഉൾപ്പെട്ടിരിക്കുന്നതായി കരുതപ്പെടേണ്ടതാകുന്നു:

എന്നുമാത്രമല്ല, ഈ വകുപ്പു പ്രകാരം ലൈസൻസ് ആവശ്യമുള്ള ഒരു സ്ഥലത്തിന്റെ, നിർണ്ണയിക്കപ്പെടാവുന്ന കാര്യങ്ങൾക്കായുള്ള ഉപയോഗം, തക്കതായ പരിസ്ഥിതി/പൊതുതാൽപ്പര്യ സംരക്ഷണ നടപടികൾ ലൈസൻസിലെ വ്യവസ്ഥകൾ പ്രകാരം എടുത്തിട്ടില്ലെങ്കിൽ, ശല്യകാരണമായി ഭവിക്കുന്നതാണെന്ന് മറിച്ച് തെളിയിക്കപ്പെട്ടിട്ടില്ലാത്തിടത്തോളം, കരുതപ്പെടേണ്ടതാണ് :

എന്നിരുന്നാലും, ഈ വകുപ്പിൻകീഴിലുള്ള മുനിസിപ്പാലിറ്റിയുടെ ഒരു വിജ്ഞാപനം അത് പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ അറുപതു ദിവസം പൂർത്തിയാകുന്ന തീയതിയിൽ മാത്രം പ്രാബല്യത്തിൽ വരുന്നതാകുന്നു.".

LIBRARY ARCHIVES Kerala Legislative Assembly

(3) (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(3) ഒരു വ്യവസായശാല, ഫാക്ടറി അല്ലെങ്കിൽ പണിസ്ഥലം ആരംഭിക്കുന്നതിന്, അഥവാ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഒരു വ്യാപാരം അല്ലെങ്കിൽ സേവനം നടത്തുന്നതിന് മുനിസിപ്പാലിറ്റി പ്രദേശത്തെ ഒരു സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു അപേക്ഷയിന്മേൽ വസ്തുതകൾ പരിശോധിച്ച് ഒരു ലൈസൻസ് നൽകുന്നതിനോ പൊതുതാൽപ്പര്യാർത്ഥം ന്യായമായ കാരണത്തിന്മേൽ ലിഖിതമായ ഉത്തരവുവഴി ആയത് നിരസിക്കുന്നതിനോ ഉള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നതും, കൗൺസിലിന് ഇക്കാര്യത്തിൽ ഉചിതമായ ഒരു തീരുമാനമെടുക്കുന്നതിന് സഹായകരമായ ഒരു റിപ്പോർട്ട് വിശദമായ അന്വേഷണത്തിനും വിവരശേഖരണത്തിനും ശേഷം സെക്രട്ടറി നൽകേണ്ടതുമാണ്. കൗൺസിലിന്റെ തീരുമാനം അപേക്ഷ ലഭിച്ച് മുപ്പതു ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതാണ്. എന്നാൽ അപേക്ഷകനിൽനിന്നോ മറ്റു അധികാരസ്ഥാനങ്ങളിൽനിന്നോ കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടിവരുന്ന സംഗതിയിൽ അതിനുണ്ടാകുന്ന കാലതാമസം കണക്കിലെടുത്ത് മേൽപ്പറഞ്ഞ കാലാവധി അതനുസരിച്ച് ദീർഘിപ്പിച്ചതായി കരുതപ്പെടേണ്ടതാകുന്നു. ഇപ്രകാരം ഒഴിവാക്കാനാവാത്ത കാലതാമസം ഉണ്ടാകുന്ന വിവരം അപേക്ഷകനെ യഥാസമയം സെക്രട്ടറി അറിയിച്ചിരിക്കേണ്ടതാണ്.".

(4) (3എ) ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

(3എ) (3)-ാം ഉപവകുപ്പ് പ്രകാരം കൗൺസിൽ പരിഗണിക്കേണ്ടവയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം വ്യാപാരം നടത്തുന്നതിനോ സേവനം നൽകുന്നതിനോ ഉള്ള ലൈസൻസുകളിൽ കൗൺസിൽ പരിഗണിക്കേണ്ടവയും ഒഴികെ വ്യാപാരങ്ങൾക്കും സേവനങ്ങൾക്കുമായുമുള്ള ലൈസൻസുകൾക്കുള്ള എല്ലാ അപേക്ഷകളും അവ ലഭിച്ച് മുപ്പതു ദിവസത്തിനകം, ലൈസൻസ് നൽകുകയോ, പൊതുതാൽപ്പര്യാർത്ഥം, ന്യായമായ കാരണത്തിന്മേൽ ആയത് നിരസിക്കുകയോ ചെയ്തുകൊണ്ട് ലിഖിതമായ ഉത്തരവുവഴി സെക്രട്ടറി തീർപ്പാക്കേണ്ടതാണ്. ലൈസൻസ് നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതിനുമുൻപ് അപേക്ഷകനിൽനിന്നോ മറ്റ് അധികാരസ്ഥാനങ്ങളിൽനിന്നോ കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടിവരുന്ന സംഗതിയിൽ അതിലേക്ക് വേണ്ടിവരുന്ന കാലയളവിന് തുല്യമായ കാലത്തേക്ക് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചതായി കരുതപ്പെടേണ്ടതും, അപ്രകാരം ഒഴിവാക്കാനാകാത്ത കാലതാമസം ഉണ്ടാകുന്ന വിവരം അപേക്ഷകനെ സെക്രട്ടറി അറിയിക്കേണ്ടതുമാണ്.".

LIBRARY ARCHIVES Kerala Legislative Assembly

4. <u>448-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 448-ാം വകുപ്പിൽ,—

(1) മാർജിനൽ ശീർഷകത്തിനും (1)-ാം ഉപവകുപ്പിനും പകരം താഴെപ്പറയുന്ന മാർജിനൽ ശീർഷകവും ഉപവകുപ്പും ചേർക്കേണ്ടതാണ്, അതായത്:—

"448. <u>വ്യവസായശാലയോ ഫാക്ടറിയോ മറ്റു പണിസ്ഥലമോ നിർമ്മിക്കുന്നതിനോ അതിൽ ആവിശക്തിയോ മറ്റേതെങ്കിലും ശക്തിയോ ഉപയോഗിക്കുന്നതിനോ മറ്റു യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനോ ഉള്ള ലൈസൻസ്.</u>—(1) (എ) വ്യവസായശാലയോ ഫാക്ടറിയോ മറ്റു പണിസ്ഥലമോ നിർമ്മിക്കുവാൻ ഒരു സ്ഥലം ഉപയോഗിക്കുവാനോ ആ സ്ഥലത്ത് വ്യവസായശാലയോ ഫാക്ടറിയോ നിർമ്മിക്കുവാനോ സ്ഥാപിക്കുവാനോ, അതിൽ ആവിശക്തിയോ ജലശക്തിയോ മറ്റു യാന്ത്രികശക്തിയോ വിദ്യുച്ഛക്തിയോ ഉപയോഗിക്കുവാനോ; അഥവാ

(ബി) ആവിശക്തിയോ ജലശക്തിയോ മറ്റു യാന്ത്രികശക്തിയോ വിദ്യുച്ഛക്തിയോ ഉപയോഗിച്ചു നടത്തപ്പെടുന്നതും ഈ ആക്റ്റിനാലോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളാലോ ഒഴിവാക്കപ്പെട്ടവയല്ലാത്തതുമായ മറ്റു യന്ത്രസാമഗ്രിയോ നിർമ്മാണത്തിനുള്ള യന്ത്രസംവിധാനമോ പ്രസ്തുത സ്ഥലത്തിന്റെ ഏതെങ്കിലും പരിസരത്തിൽ സ്ഥാപിക്കുവാനോ,

ഉദ്ദേശിക്കുന്ന ഏതൊരാളും പ്രസ്തുത സ്ഥലം ഈ ആവശ്യത്തിലേക്ക് ഉപയോഗിക്കുവാൻ മുനിസിപ്പാലിറ്റിയുടെ ലൈസൻസിന് 447-ാം വകുപ്പ് പ്രകാരം അപേക്ഷ നൽകേണ്ടതും, അങ്ങനെ വ്യവസായശാലയോ ഫാക്ടറിയോ പണിസ്ഥലമോ നിർമ്മിക്കുകയോ യന്ത്രസാമഗ്രിയോ സംവിധാനമോ സ്ഥാപിക്കുകയോ ചെയ്യുവാൻ ആരംഭിക്കുന്നതിനു മുൻപായി, ഉദ്ദിഷ്ട ജോലി ഏറ്റെടുത്ത് നടത്തുവാനുള്ള അനുവാദത്തിന് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതുമാണ്."

(2) (4)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയ്ക്ക് പകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഫാക്ടറിയുടെയോ വ്യവസായശാലയുടെയോ നിർമ്മാണത്തിനും പ്രവർത്തനത്തിനും അതതുസംഗതിപോലെ, റവന്യൂ വകുപ്പിന്റെയോ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെയോ പരിസ്ഥിതി വകുപ്പിന്റെയോ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ അനുമതി ആവശ്യമുള്ള സംഗതികളിൽ അങ്ങനെയുള്ള ഫാക്ടറിയുടെയോ വ്യവസായശാലയുടെയോ, നിർമ്മാണമോ പ്രവർത്തനമോ സ്ഥലത്തെ പരിസ്ഥിതിയെയും ജലസ്രോതസ്സുകളെയും പ്രകൃതിജന്യമായ സവിശേഷതകളെയും ദോഷകരമായി ബാധിക്കുകയില്ല എന്ന് അതത് വകുപ്പിന്റെയോ ബോർഡിന്റെയോ റിപ്പോർട്ടിൻമേൽ ബോധ്യപ്പെട്ടതിനുശേഷമല്ലാതെ ഈ ആക്റ്റിന്റെ 447, 448 എന്നീ വകുപ്പുകൾ പ്രകാരമുള്ള ലൈസൻസ് നൽകുവാൻ പാടുള്ളതല്ല.".



LIBRARY ARCHIVES Kerala Legislative Assembly

5. ഒന്നാം പട്ടികയ്ക്കുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ ഒന്നാം പട്ടികയിൽ "മുനിസിപ്പാലിറ്റിയുടെ ചുമതലകൾ" എന്ന ശീർഷകത്തിനും '(എ) അനിവാര്യ ചുമതലകൾ' എന്ന ഉപശീർഷകത്തിനും കീഴിൽ 19-ാം ഇനത്തിനെതിരെ "അപകടകരവും അസഹനീയവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകുക" എന്ന വാക്കുകൾക്കു പകരം "പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം എന്നീ പൊതുതാൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ലൈസൻസ് നൽകുക" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

6. റദ്ദാക്കലും ഒഴിവാക്കലും.—(1) 2014-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2014-ലെ 27) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

GOVERNMENT OF KERALA

**Law (Legislation-C) Department**

NOTIFICATION

No. 23089/Leg. C1/2014/Law. *Dated, Thiruvananthapuram, 1st January, 2015 / 17th Dhanu 1190 / 11th Pousha, 1936.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Municipality (Third Amendment) Act, 2014 (2 of 2015).

By order of the Governor,

C. REMANI,
*Special Secretary (Law).*

LIBRARY ARCHIVES Kerala Legislative Assembly

[Translation in English of "2014-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്റ്റ്" published under the authority of Governor.]

## ACT 2 OF 2015

## THE KERALA MUNICIPALITY (THIRD AMENDMENT) ACT, 2014

*An Act further to amend the Kerala Municipality Act, 1994.*

*Preamble.*—WHEREAS, it is expedient further to amend the Kerala Municipality Act, 1994 for the purposes hereinafter appearing;

BE it enacted in the Sixty-fifth Year of the Republic of India, as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Municipality (Third Amendment) Act, 2014.

(2) Sections 3, 4 and 5 of the Act shall be deemed to have come into force on 13th day of November, 2014 and the remaining sections shall come into force at once.

2. *Insertion of new section after section 77.*—In the Kerala Municipality Act, 1994 (20 of 1994) (hereinafter referred to as the principal Act) after section 77, the following section shall be inserted, namely:—

"77 A. *Special provision for the non-resident Indians to get themselves registered in the electoral roll.*—Notwithstanding anything to the contrary contained in other provisions of this Chapter, any citizen of India as stated in section 20A of the Representation of the People Act, 1950 (Central Act 43 of 1950) shall be entitled to get himself registered as an elector in the electoral roll to the constituency in which his place of residence in India as indicated in his passport is located.".

3. *Amendment of section 447.*—In section 447 of the principal Act,—

(1) for the heading "INDUSTRIES, FACTORIES AND OTHER TRADES" before the said section, the heading "INDUSTRIES, FACTORIES, TRADES AND OTHER SERVICES" shall be substituted;

(2) for sub-section (1), the following sub-section shall be substituted, namely:—

"(1) No place within a municipal area shall be used,—

LIBRARY ARCHIVES Kerala Legislative Assembly

(a) generally for industries, factories, trades, work places and other services which directly or indirectly adversely affect public interests such as environment, public safety and public health or cause nuisance;

(b) and particularly for such matters as may be prescribed,—

(i) without payment of licence fee at such rate as may be prescribed by the Government for each purpose or at such rate as the Municipality may fix subject to the said rate by a notification published in such manner as may be prescribed; and

(ii) except in accordance with the terms of the licence granted in such manner as may be prescribed:

Provided that the licence shall be deemed to contain conditions to the effect that anything done in accordance with the licence shall not be detrimental to any public interest and in the matter of services, admission and service to the place wherein it is provided shall be available to any member of the public:

Provided further that if adequate steps for the protection of environment/ public interest have not been taken as per the conditions of the licence, the use of a land for which licence is required under this section for such matters as may be prescribed, if not otherwise proved, shall be deemed to have been causing nuisance:

Provided also that a notification of the Municipality under this section shall come into force on the date of completion of sixty days from the date of its publication.

(3) for sub-section (3), the following sub-section shall be substituted, namely:—

"(3) The power to grant a licence, after factual verification, on an application requesting sanction for using a place in the municipality area for starting an industry, factory or workplace or for running a trade or service in such manner as may be prescribed or to reject the same in public interest, on reasonable grounds, by an order in writing, shall be vested in the Council and the Secretary shall, after detailed enquiry and collection of information furnish a report to enable the Council to take an appropriate decision in the matter.



LIBRARY ARCHIVES Kerala Legislative Assembly

The decision of the Council shall be intimated to the applicant within thirty days from the date of receipt of application. In cases where additional information has to be collected from the applicant or other authorities, the aforesaid period shall be deemed to have been extended taking into account the delay for the same. Information regarding such unavoidable delay shall be intimated to the applicant by the Secretary in time.".

(4) for sub-section (3A) the following sub-section shall be substituted, namely:—

"(3A) All applications for licences for trades and services except those to be considered by the Council under sub-section (3) and those to be considered by the Council among the licences for running trade or for providing services in such manner as may be prescribed, shall be disposed of by the Secretary by an order in writing granting the licence or rejecting the same in public interest and on reasonable grounds, within thirty days from the date of receipt of the same. In cases where additional information has to be collected from the applicant or other authorities, before granting or rejecting the licence, the period for granting the licence shall be deemed to have been extended for a period equivalent to the period required for the same and information regarding such unavoidable delay shall be intimated to the applicant by the Secretary.".

4. *Amendment of section 448.*—In section 448 of the principal Act,—

(1) for the marginal heading and sub-section (1), the following marginal heading and sub-section shall be substituted, namely:—

"*448. Licence for the construction of industry, factory or other work place and to use steam power or any other power therein or to install other machineries.*—(1) Any person who intends,—

(a) to use a place to construct an industrial plant, factory or other work place or to construct or establish an industrial plant or factory in that place or to use steam power, water power, other mechanical power or electrical power therein; or

(b) to install in any premises of the said place other machinery or manufacturing plant run by steam power, water power, other mechanical power or electrical power, not being exempted by this Act or the rules made thereunder,

LIBRARY ARCHIVES Kerala Legislative Assembly

shall apply for a licence of the Municipality under section 447 to use the said place for the said purpose and before constructing an industrial plant or factory or work place or installing machinery or plant, shall submit an application to the Secretary of the Municipality in such form as may be prescribed, for permission to take up and carry out the proposed work.".

(2) for the proviso to sub-section (4), the following proviso shall be substituted, namely:—

"Provided that in cases where the permission of the Department of Revenue, Department of Mining and Geology, Department of Environment or the State Pollution Control Board, as the case may be, is necessary for the construction and functioning of the factory or industrial plant proposed to be established, no licence under sections 447 and 448 shall be granted except on being satisfied on the report of the respective departments or the Board that the construction or functioning of the proposed factory or industrial plant shall not adversely affect the environment, water resources and natural characteristics of the place."

5. *Amendment to First Schedule.*—In the First Schedule of the principal Act, under the heading "FUNCTIONS OF THE MUNICIPALITY" and sub-heading "A. Mandatory Functions", against item 19, for the words "Issue of licences to dangerous and offensive trades and industries", the words "Issue of licences to industries, trades and services protecting public interests such as environment, public safety and public health" shall be substituted.

6. *Repeal and Saving.*—(1) The Kerala Municipality (Amendment) Ordinance, 2014 (27 of 2014) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act, as amended by this Act.

LIBRARY ARCHIVES Kerala Legislative Assembly